(ഇ) 'കൈരളി' കാണാതായതിനെത്തുടർന്നു കപ്പലിനോടൊപ്പം അപ്രത്യക്ഷമായ ജീവനക്കാരുടെ ബന്ധുക്കൾക്കും മറ്റു കോർപ്പറേഷൻ ജീവനക്കാർക്കും നൽകിയ ശമ്പളത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു:

		രൂപ	പൈ
1.	ശമ്പളമിനത്തിൽ ജീവനക്കാരുടെ ബന്ധുക്കൾക്ക് നൽകിയ തുക ..	90,771	40
2.	കപ്പലിലെ ജീവനക്കാരിൽ ഇപ്പോൾ അവകാശാവധിയിൽ കഴിയുന്നവർക്ക് നൽകിയ ശമ്പളം ..	47,563	29
3.	ആഫീസ് ജീവനക്കാർക്ക് നാളിതുവരെ നൽകിയ ശമ്പളം ..	22,441	65
	ആകെ	1,60,776	14

കരിമ്പിന്റെ പ്രഖ്യാപിത വില

*111 [120] ശ്രീ. പി. സി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും‌വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പിനു ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള വിലനിരക്കെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇന്നത്തെ വിലയേക്കാൾ 20 രൂപ വീതം ടണ്ണിനു കൂടുതൽ നൽകാമെന്ന് കർഷകർക്ക് ഗവൺമെന്റ് ഉറപ്പുനൽകിയിട്ടുണ്ടോ;

(സി) ഈ ഉറപ്പ് നടപ്പിൽ വരുത്തുവാൻ സത്വരനടപടി സ്വീകരിക്കുമോ?

വ്യവസായവും വനവും‌വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): (എ) കരിമ്പിനു കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന വില മന്നം ഷുഗർ മില്ലിനും ട്രാവൻകൂർ ഷുഗേഴ്സിനും ടണ്ണിനു 100 രൂപാ വീതവും കോ-ഓപ്പറേറ്റീവ് ഷുഗേഴ്സിനു ടണ്ണിനു 108 രൂപ 20 പൈസാ വീതവുമാണ്.

17-11-1978-ൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കരിമ്പിന്റെ വിലയെപ്പറ്റിയും മറ്റും ചർച്ച ചെയ്യുവാൻ ഒരു കോൺഫറൻസ് നടക്കുകയും കർഷകർക്ക് ടണ്ണിനു 130 രൂപ വച്ച് കൊടുക്കുവാൻ നിശ്ചയിക്കുകയും ചെയ്തു.

(ബി) സംസ്ഥാന ഗവൺമെന്റ് 17-12-1977-ൽ പുറപ്പെടുവിച്ച ഒരു പത്രക്കുറിപ്പിൽ കരിമ്പിന്റെ വില 1978-79-ൽ സബ്സിഡിയടക്കം 150 രൂപയായി നൽകാമെന്നു അറിയിച്ചിരുന്നു. 1978 ആഗസ്റ്റിൽ പഞ്ചസാരയുടെ നിയന്ത്രണം കേന്ദ്രഗവൺമെന്റ് നീക്കുകയും പൊതുവിപണിയിൽ പഞ്ചസാരയുടെ വില കുത്തനെ താഴുകയും ചെയ്തതുമൂലം പഞ്ചസാരമില്ലുകൾ വൻനഷ്ടത്തിലായിത്തീരുകയും തൽഫലമായി സംസ്ഥാനത്തിലെ 3 മില്ലുകളും ഈ വില കൊടുക്കുവാനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കരിമ്പിന്റെ വില ടണ്ണിനു 150 രൂപാ വീതം നിശ്ചയിക്കുമ്പോഴുണ്ടാവുന്ന സാമ്പത്തിക ബാദ്ധ്യതയും മറ്റും പരിശോധിച്ച് നടപടികൾ എടുത്തുവരികയാണ്.

ഗൾഫ് നാടുകളിലേക്ക് കയറ്റി അയക്കുന്ന സാധനങ്ങൾ

*112 [121] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് ഇപ്പോൾ എന്തെല്ലാം സാധനങ്ങളാണ് ഗൾഫ് നാടുകളിലേക്ക് കയറ്റി അയക്കുന്നത്;

(ബി) പുതിയതായി എന്തെല്ലാം കയറ്റി അയക്കാൻ ഉദ്ദേശിക്കുന്നു;

(സി) ഈ കയറ്റുമതിമൂലം എത്രലക്ഷം ഉറുപ്പികയുടെ വ്യാപാരമാണ് കേരളത്തിനു കിട്ടുമെന്നു പ്രതീക്ഷിക്കുന്നത്?

വ്യവസായവും വനവുംവകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): (എ) താഴെപ്പറയുന്ന സാധനങ്ങളാണ് ഇപ്പോൾ ഗൾഫ് നാടുകളിലേക്ക് കയറ്റി അയക്കുന്നത്.

1. സംസ്ക്കരിച്ച ഭക്ഷ്യപദാർത്ഥങ്ങൾ (അച്ചാർ, ചട്ട്നി, പഴങ്ങളുടെ നീര്, ജാം തുടങ്ങിയവ)
2. മൽസ്യം
3. തവളക്കാലുകൾ
4. കയറുൽപ്പന്നങ്ങൾ
5. കശുവണ്ടിപ്പരിപ്പ്
6. പ്ലൈവുഡ്
7. ഫർണിച്ചറിന്റെ ഭാഗങ്ങളും അറുപ്പിച്ച തടികളും
8. കരകൗശലവസ്തുക്കൾ
9. കുരുമുളക്, ഏലം, കാപ്പി, ഓയിലുകൾ, ചന്ദനതൈലം മുതലായവ
10. ടിന്നിലാക്കിയ ഇറച്ചി, പുതിയ തണുപ്പിച്ച മാംസം
11. പഞ്ഞിത്തുണിത്തരങ്ങൾ
12. മലക്കറികൾ, പഴവർഗ്ഗങ്ങൾ
13. സോപ്പ്
14. വെറ്റ് ഗ്രിൻഡേഴ്സ്

(ബി) കേരളത്തിലെ കയറ്റുമതി സാദ്ധ്യത ആരായുന്നതിനായി ഗൾഫ് മാർക്കറ്റ് സർവ്വേ നടത്താനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്. ഈ സർവ്വേ പൂർത്തിയാകുമ്പോൾ പുതിയതായി എന്തെല്ലാം സാധനങ്ങൾ കയറ്റുമതി ചെയ്യാൻ സാധിക്കുമെന്നു തിട്ടപ്പെടുത്താൻ സാധിക്കുന്നതാണ്. എയർ കാർഗോ കോംപ്ലക്സ് മുഖേന പുതുതായി കൈത്തറിത്തുണികൾ, സുഗന്ധദ്രവ്യങ്ങൾ, വട്ടൽ, പ്രസിദ്ധീകരണങ്ങൾ, എന്നിവ കയറ്റി അയക്കാൻ സാദ്ധ്യതയുണ്ട്.

(സി) മുകളിൽ പറഞ്ഞ സർവ്വേക്കുശേഷം കയറ്റുമതി മൂല്യം ലഭിക്കാവുന്ന വ്യാപാരത്തിന്റെ കണക്ക് തിട്ടപ്പെടുത്താവുന്നതാണ്.

എയർ കാർഗോയുടെ പ്രവർത്തനഫലമായി 150 ലക്ഷം രൂപയുടെ വ്യാപാരം കേരളത്തിന് കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly